ഹയർ സെക്കൻഡറി വിഭാഗം ഭരതനാട്യത്തിൽ ഒന്നാംസ്ഥാനം നേടിയ കാസർകോട് നീലേശ്വരം രാജാസ് എച്ച്എസ്എസിലെ ശ്രീലക്ഷ്മി.

സംസ്ഥാന കലോൽസവത്തിലെ വിധിനിർണയത്തിന്റെ കൈക്കൂലിവഴി വിശദീകരിച്ചു നൃത്താധ്യാപകൻ

'എന്തും ചെയ്യും; അവർക്കു ഗുണ്ടകൾ വരെയുണ്ട്'

തിരുവനന്തപുരം ● 'എത്രയോ വർഷം സത്യസന്ധമായി മാത്രം നൃത്തം പഠിപ്പിച്ച്, കലയെ പൂജിച്ചു കഴിഞ്ഞയാളാണു ഞാൻ. പക്ഷേ, എനിക്കൊരു തെറ്റു ചെയ്യേണ്ടി വന്നു. ഗതികേടുകൊണ്ടു സമ്മാന ലോബിയുടെ ഭീഷണിക്കു വഴങ്ങേണ്ടി വന്നു'-ഇതു പറയുമ്പോൾ കൊല്ലം ജില്ലയിലെ നൃത്താധ്യാപകന്റെ ശബ്ദം ഇടറി, കണ്ണുകൾ നിറഞ്ഞൊഴുകി. എത്ര വട്ടം 'ശുദ്ധികലശം' നടത്തിയിട്ടും കളങ്കം മാറാത്ത സംസ്ഥാന സ്കൂൾ കലോൽസവ വിധിനിർണയത്തിന്റെ നേർച്ചിത്രമാവുകയായിരുന്നു 'മനോരമ'യോടുള്ള ഈ വെളിപ്പെടുത്തൽ.

'എല്ലാ സമ്മാനങ്ങളും വിറ്റുപോയി, ഇനി രണ്ടെണ്ണം കൂടിയേ ബാക്കിയുള്ളൂ. അതു വേണമെങ്കിൽ പണം കൊടുക്കണമെന്നു പറഞ്ഞപ്പോൾ, ചതിക്കരുതേ എന്നു കരഞ്ഞു പറഞ്ഞിട്ടും അവർ വഴങ്ങാതെ വന്നപ്പോൾ ഞാൻ ആദ്യമായി കൈക്കൂലി കൊടുത്തു; ഒന്നേകാൽ ലക്ഷം രൂപ വീതം. എന്റെ കുട്ടികൾക്ക് അവർ അർഹിക്കുന്ന സമ്മാനം ലഭിക്കാൻ ചെയ്തുപോയതാണ്. കാശു കൊടുത്തില്ലെങ്കിൽ അവർക്കതു കിട്ടില്ലല്ലോ...? എന്നിട്ടും, രണ്ടിനങ്ങൾക്കു സമ്മാനം കിട്ടിയുമില്ല, കൂടുതൽ തുക കൊടുത്തവർക്ക് അവർ അതു മറിച്ചുവിറ്റു. ഇനി തെറ്റു ചെയ്യില്ല, അതിനുള്ള മനക്കരുത്തില്ല....'-കുറ്റബോധത്തിന്റെ മുൾമുനയിൽ ആ നൃത്താധ്യാപകൻ കൂടുതൽ തുറന്നു പറഞ്ഞു.

'എന്റെ മക്കളെയും ശിഷ്യരെയും അവർ ഉപദ്രവിക്കുമോ എന്ന ഭയമുണ്ട്. സിനിമയിലൊക്കെ കാണുന്നതു പോലെ അവർക്കൊപ്പം ഗുണ്ടകൾ വരെയുണ്ട്. ഇതൊക്കെ നടക്കുന്നതു തന്നെയാണോ എന്ന് അമ്പരപ്പു തോന്നുന്ന വിധത്തിലാണു സമ്മാനലോബിയുടെ രീതികൾ'-മൽസരരംഗത്തുനിന്നു പിന്മാറുകയാണെന്നു പറഞ്ഞ അധ്യാപകനോട് അതിന്റെ കാരണം തിരക്കിയപ്പോഴാണ് അദ്ദേഹം ഇത്രയേറെ തുറന്നു പറഞ്ഞത്. ആവർത്തിച്ചു ചോദിച്ചപ്പോഴും, 'ഇതു വെളിപ്പെടുത്തിയാൽ നാളെ എന്റെ ശിഷ്യരെ കൂടുതൽ തഴയുമെന്ന് ആശങ്കയുണ്ട്' എന്നു പറഞ്ഞ് ഒഴിഞ്ഞുമാറി. ഇനിയും ഈ തെറ്റുകൾ ആവർത്തിക്കാതിരിക്കണമെന്നാണ് ആഗ്രഹമെന്നും എനിക്കെതിരെ ഉണ്ടാകാവുന്ന ഭീഷണികൾ വകവയ്ക്കാതെ ഇക്കാര്യം വെളിപ്പെടുത്താമെന്നും പിന്നീട് അദ്ദേഹം എല്ലാം പറഞ്ഞു.

പതിറ്റാണ്ടുകളായി നൃത്താധ്യാപന രംഗത്തുള്ള ആ അധ്യാപകന്റെ വാക്കുകളിലേക്ക്:

'ഇവിടെ ഇത്തവണ മോഹിനിയാട്ടത്തിന് ആദ്യ സമ്മാനങ്ങളിലൊന്നു കിട്ടിയ കുട്ടികളിലൊരാൾ നല്ല ടീച്ചറുടെ കീഴിലാണു പഠിക്കുന്നത്. പക്ഷേ, എല്ലാ വർഷവും കളിച്ചിട്ടും സമ്മാനമൊന്നും കിട്ടാതെ വന്നതിനെ തുടർന്നു ഗതികെട്ട് അവർ ഇടനിലക്കാരെ സമീപിക്കുകയായിരുന്നു. കലോൽസവത്തിനു പിന്നിൽ വലിയ ഒരു സമ്മാന ലോബിയുണ്ട്. അതിന്റെ ഇടനിലക്കാരനാണ് ആ കുട്ടിയെ ജില്ലയിൽ കളിപ്പിച്ചത്, കോഴിക്കോട്ടുകാരനായ അയാൾ നൃത്താധ്യാപകൻ കൂടിയാണ്. ഇയാൾക്കു പല ജില്ലകളിൽ ഇടപാടുണ്ട്. ഒരു പ്രൈസിനു രണ്ടു ലക്ഷം രൂപ മുതൽ വിലപേശി വാങ്ങും. വിധിനിർണയത്തിനുള്ളവരെയെല്ലാം കൊണ്ടുവന്നോളാം എന്നു പറഞ്ഞ് ഉദ്യോഗസ്ഥർക്കു കൈക്കൂലി കൊടുത്ത് അടങ്കൽ പിടിക്കുകയാണ് ഒരു രീതി. ഇതു നടന്നില്ലെങ്കിൽ വിധികർത്താക്കളുടെ പട്ടിക കൈക്കലാക്കി അവരെത്തേടി മറ്റു സംസ്ഥാനങ്ങളിൽവരെ പോയി ഡീൽ ഉറപ്പിക്കും.

'കുട്ടികളെ പഠിപ്പിക്കുന്നതു വളരെ ഇഷ്ടമായതുകൊണ്ടും ഉപജീവനമാർഗമായതുകൊണ്ടും അതിന്റെ സത്യസന്ധതയിലാണ് എന്നും കഴിഞ്ഞത്. പക്ഷേ, ആ എനിക്കും തെറ്റു ചെയ്യേണ്ടി വന്നു. കാരണം, പല കൊല്ലങ്ങളായി എന്റെ കുട്ടികൾക്കു സമ്മാനം കിട്ടാറുണ്ടായിരുന്നില്ല. നൃത്തത്തിൽ ഒരിക്കലും കള്ളത്തരം കലർത്തരുതെന്ന് ആഗ്രഹിച്ച എനിക്കു നിലനിൽപിനു വേണ്ടി അഴിമതിക്കാരുടെ ഓഫർ സ്വീകരിക്കേണ്ടി വന്നു (കരയുന്നു).

'വിധികർത്താക്കളുമായി 'ഡീൽ' ഉറപ്പിച്ച ഇടനിലക്കാരന്റെ ഏജന്റാണ് എന്നെ ആദ്യം ബന്ധപ്പെട്ടത്. നമ്മളെങ്ങനെയാണെന്നു മനസ്സിലാക്കി, അഡ്വാൻസ് വാങ്ങാനാണു സബ് ഏജന്റിനെ വലിയ ഏജന്റ് വിടുന്നത്. എല്ലാം 'വിറ്റു കഴിഞ്ഞെന്നും' ഇനി രണ്ടു സമ്മാനങ്ങൾ കൂടിയേ ബാക്കിയുള്ളൂ എന്നും പറഞ്ഞു. ഇങ്ങനെ ചതി കാണിക്കരുതേ എന്നു ഞാൻ പറഞ്ഞു നോക്കി. പക്ഷേ, ആ സമ്മാനങ്ങളും കാശ് തരുന്നവർക്കു തന്നെ കൊടുക്കുമെന്നും ഇല്ലെങ്കിൽ ഞാൻ കാശ് കൊടുക്കണമെന്നുമായിരുന്നു അവരുടെ നിലപാട്. എന്റെ നിലനിൽപാണെന്നോർക്കണം. തുടർച്ചയായി സമ്മാനങ്ങൾ കിട്ടാതിരുന്നാൽ എന്റെ കുട്ടികളുടെ ആത്മവിശ്വാസം എന്താകും? അർഹമായതു കിട്ടിയില്ലെങ്കിൽ അവർ തകർന്നു പോകില്ലേ? എന്റെ നിലനിൽപ് എന്താകും? അവർ ചോദിച്ചതുക കയ്യിൽ ഇല്ലാതിരുന്നതിനാൽ ഒന്നേകാൽ ലക്ഷം രൂപ കൊടുത്തു. ജഡ്ജസിനു മനസ്സിലാകാൻ, മൽസരിക്കുന്ന കുട്ടിയുടെ രണ്ടു കയ്യിലും മഞ്ഞയും ചുവപ്പും ചരടു കെട്ടണമെന്നും രണ്ടു കറുപ്പു ലോക്കറ്റ് ഇടണമെന്നും പറഞ്ഞു. പൂവിനിടയ്ക്കു തുളസിക്കതിർ വയ്ക്കുക, കൈമുട്ടിൽ ബാൻഡ് എയ്ഡ് ഒട്ടിക്കുക തുടങ്ങി പല കുട്ടികൾക്കു പലതാണു കോഡ്.

'ഇങ്ങനെയൊക്കെ ചെയ്തിട്ടും രണ്ടിനങ്ങൾക്കു സമ്മാനം കിട്ടിയില്ല. കൂടുതൽ തുക കൊടുത്തവർക്ക് അവരതു മറിച്ചുവിറ്റു. ഇതേക്കുറിച്ചു ചോദിച്ചപ്പോൾ, 50,000 രൂപ തിരിച്ചുതരാം. ബാക്കിയെല്ലാം പലർക്കായി കൊടുത്തുപോയി എന്നാണ് അയാൾ പറഞ്ഞത്. ഒത്തിരി പേര് ഇങ്ങനെ പെട്ടുനിൽക്കുകയാണ്. മുൻപ് ഉപജില്ലയിൽ മൽസരിക്കാൻ പോയപ്പോൾ ഒരധ്യാപകനാണു കാശു ചോദിച്ചു വന്നത്. അയാളും ഈ ലോബിയുടെ ഭാഗമായിരുന്നു. എന്റെ കുട്ടികൾക്ക് അർഹതപ്പെട്ട സമ്മാനം നഷ്ടപ്പെടുത്താതിരിക്കാൻ അവർക്കു ഞാൻ എന്തെങ്കിലും നൽകാമെന്നു പറയേണ്ടി വന്നു. എന്തൊരു ഗതികേട്. അതു കഴിഞ്ഞു ജില്ലയിലെത്തിയപ്പോഴാണ് അടുത്ത കടമ്പ. ഞാൻ ജീവിതത്തിൽ ചെയ്യാത്ത തെറ്റാണ്. മനസ്സിന്റെ ഭാരം താങ്ങാൻ വയ്യ. ഇനി ഒരിക്കലും കള്ളത്തരത്തിനില്ല, അതു ചെയ്യാനുള്ള മനക്കരുത്തില്ല. സാഹചര്യമാണ് എന്നെ ആ തെറ്റു ചെയ്യിച്ചത്'-കുറ്റബോധത്തോടെ ആ നൃത്താധ്യാപകൻ കണ്ണു തുടച്ചു.

ചില വിധികർത്താക്കൾ നിരീക്ഷണത്തിൽ

എം.എസ്. ജയ
(പൊതുവിദ്യാഭ്യാസ ഡയറക്ടർ)

കലോൽസവത്തെ നല്ല കലയുടെ ഉൽസവമാക്കി, കുട്ടികളുടെ മേളയാക്കി മാറ്റാനും അഴിമതികളെ പടിക്കു പുറത്താക്കാനുമായി ഒട്ടേറെ ശ്രമങ്ങളാണ് ഇക്കുറി നടത്തിയത്. ഒരു പരാതിയും തള്ളിക്കളഞ്ഞിട്ടില്ല, തള്ളിക്കളയുകയുമില്ല. അവയെല്ലാം ഗൗരവത്തോടെ പരിഗണിക്കും. കോഴയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒട്ടേറെ വിധികർത്താക്കൾ വന്നതിൽ രണ്ടു മൂന്നു പേരെ സംശയമുണ്ട്, ചില പരാതികൾ ന്യായമാണെന്ന നിഗമനത്തിൽ ഇവരെ നിരീക്ഷിക്കുന്നു. നമ്പരുകളും മറ്റു വിവരങ്ങളും വിജിലൻസിനു കൈമാറിക്കഴിഞ്ഞു. കൈക്കൂലി വാങ്ങി തിരിമറി നടത്തുന്നവരെ നമ്മൾ നാണംകെടുത്തുക തന്നെ ചെയ്യും. കലോൽസവം തീരുന്നതിനു പിന്നാലെ അന്വേഷണ റിപ്പോർട്ട് പരിഗണിച്ചു കർശന നടപടിയെടുക്കും.

വര: മിത്രൻ

അപ്പീൽ ശരണം; ഒടുവിൽ ശ്രീലക്ഷ്മി നമ്പർ വൺ

തിരുവനന്തപുരം● അപ്പീലിലൂടെ എച്ച്എസ്എസ് ഭരതനാട്യത്തിൽ ഒന്നാംസ്ഥാനം നേടിയതിന്റെ തിളക്കത്തിലാണു നീലേശ്വരം രാജാസ് ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീലക്ഷ്മി. കാസർകോട് ജില്ലാ കലോൽസവത്തിൽ രണ്ടാം സ്ഥാനത്തേക്കു തഴയപ്പെട്ടതിന്റെ സങ്കടം മായ്ക്കുന്ന വിജയം. മോഹിനിയാട്ടത്തിലും ശ്രീലക്ഷ്മി മൽസരിക്കുന്നുണ്ട്. അച്ഛൻ രാജു തന്നെയാണു ഗുരു. മിടുക്കു തെളിയിച്ച ഒട്ടേറെ ശിഷ്യരുണ്ട് രാജുവിന്. നടി കാവ്യാ മാധവനും അക്കൂട്ടത്തിൽപ്പെടും. ഇത്തവണ ജില്ലാ കലോൽസവത്തിൽ വിധിനിർണയത്തിലെ പാകപ്പിഴ കാരണമാണു ശ്രീലക്ഷ്മി രണ്ടാമതായതെന്നു രാജു പറയുന്നു. ജില്ലയിലെ വിധി നിർണയത്തെപ്പറ്റി വ്യാപക പരാതികളുണ്ടായിരുന്നു.

എഴുത്ത്
മഹേഷ് ഗുപ്തൻ, വി.ആർ. പ്രതാപ്, ജോ ജേക്കബ്, റൂബിൻ ജോസഫ്, എം.എ. അനൂജ്, മുസ്തഫ കൂടല്ലൂർ, സന്ദീപ് ചന്ദ്രൻ, സാബു ടി. ജോൺ
ചിത്രം
ബി. ജയചന്ദ്രൻ, അരുൺ ശ്രീധർ, ആർ.എസ്. ഗോപൻ, മനോജ് ചേമഞ്ചേരി, സജീഷ് ശങ്കർ, റിങ്കുരാജ് മട്ടാഞ്ചേരിയിൽ, അരവിന്ദ് ബാല

മലയാള മനോരമ
ട്രിവാൻഡ്രം ഡയറി
2016 ജനുവരി 21 വ്യാഴം TVM

കലോൽസവം ഗിന്നസ് ബുക്കിലെത്തിക്കാൻ നടപടി ഉടൻ: മന്ത്രി അബ്ദുറബ്ബ്

തിരുവനന്തപുരം ● സംസ്ഥാന സ്കൂൾ കലോൽസവം ഗിന്നസ് ബുക്കിലെത്തിയേക്കും.

ഏഷ്യയിലെ ഏറ്റവും വലിയ സ്കൂൾ കലാമേളയെന്ന പേരിൽ അറിയപ്പെടുന്ന സംസ്ഥാന സ്കൂൾ കലോൽസവം ഈ രീതിയിൽ ലോകത്തു നടക്കുന്ന ഏറ്റവും വലിയ മേളയാണെന്ന വിലയിരുത്തലിനെത്തുടർന്നു ഗിന്നസ് ബുക്ക് അധികൃതരെ സമീപിക്കാനൊരുങ്ങുകയാണു വിദ്യാഭ്യാസ വകുപ്പ്. അപേക്ഷ ഗിന്നസ് അധികൃതർ പരിഗണിച്ചാൽ അടുത്ത വർഷത്തെ കലോൽസവത്തിൽ പരിശോധന നടത്തും. പതിനായിരത്തിലേറെ കുട്ടികൾ പങ്കെടുക്കുന്നുവെന്നു ഗിന്നസ് അധികൃതർക്കു നേരിൽ ബോധ്യപ്പെട്ടാൽ കലോൽസവം വൻകര കടന്നു ലോകത്തിന്റെ വലിയ മേളയാകും.

കഴിഞ്ഞ നാലു വർഷത്തിനിടെ നടപ്പാക്കിയ പരിഷ്കാരങ്ങൾ കലോൽസവത്തെ മികച്ച നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ടെന്നും ഗിന്നസ് റെക്കോർഡ് നേടാനായാൽ കലോൽസവം ലോകശ്രദ്ധയിലേക്ക് എത്തുമെന്നും മന്ത്രി പി. കെ. അബ്ദുറബ്ബ് 'മനോരമ'യോടു പറഞ്ഞു. ഈ കലോൽസവം പൂർത്തിയായാൽ ഉടൻ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

കലോൽസവത്തെ ഗിന്നസ് റെക്കോർഡ് ബുക്കിൽ ഉൾപ്പെടുത്താൻ നടപടി ആരംഭിക്കണമെന്നു മനോരമ 'വിചാരണ'യിൽ അടുത്തിടെ നിർദേശിച്ചിരുന്നു.

മനോരമ വായനക്കാർക്ക് പ്രവചനമൽസരം...

സ്വർണക്കപ്പ് ഏതു ജില്ലയ്ക്ക്?

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി സ്വർണക്കപ്പ് ഏതു ജില്ല സ്വന്തമാക്കും? മനോരമ വായനക്കാർക്കു പ്രവചിക്കാം. അഞ്ചു ഭാഗ്യശാലികൾക്കു സ്മാർട് ഫോൺ സമ്മാനം. നിംസ് മെഡിസിറ്റിയുടെയും കന്യാകുമാരി തക്കലകുമാരൻകോവിലിലെ നൂറുൽ ഇസ്‌ലാം സർവകലാശാലയുടെയും സഹകരണത്തോടെയാണ് സമ്മാനങ്ങൾ നൽകുന്നത്. 24നു വൈകിട്ട് അഞ്ചു മണി വരെ എസ്എംഎസ് ആയി ഉത്തരങ്ങൾ അയയ്ക്കാം.

NIMS എന്നു ടൈപ് ചെയ്തു സ്പെയ്സ് ഇട്ടശേഷം ജില്ലയുടെ കോഡ് കൂടി ഉൾപ്പെടുത്തി 56767123 ലേക്ക് എസ്എംഎസ് അയയ്ക്കുക.

ഉദാഹരണത്തിന് തിരുവനന്തപുരം നേടുമെന്നാണു പ്രവചനമെങ്കിൽ അയയ്ക്കേണ്ട വിധം: NIMS സ്പെയ്സ് A

(*നിരക്കുകൾ ബാധകം)

ജില്ലകളുടെ കോഡ് തിരുവനന്തപുരം A കൊല്ലം B പത്തനംതിട്ട C ആലപ്പുഴ D കോട്ടയം E ഇടുക്കി F എറണാകുളം G തൃശൂർ H പാലക്കാട് I മലപ്പുറം J കോഴിക്കോട് K വയനാട് L കണ്ണൂർ M കാസർകോട് N

അപ്പീൽ ഇത്തവണ തോൽക്കും



തിരുവനന്തപുരം● അപ്പീലിന്റെ എണ്ണത്തിൽ കുറവ്. സമയക്രമം പാലിക്കുന്നതിൽ കൂടുതൽ മികവ്. സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ രണ്ടാം ദിവസം വേദികളിൽനിന്നു ശുഭലക്ഷണങ്ങൾ. കഴിഞ്ഞ കലോൽസവത്തിലെ ചില മൽസരങ്ങൾ ഒന്നര ദിവസം വരെ നീണ്ടെങ്കിൽ ഇത്തവണ ഭൂരിഭാഗം മൽസരങ്ങളും അധികം നീളാതെ പൂർത്തിയാകുന്നു. തർക്കങ്ങളുടെ പേരിൽ മാത്രമാണു ചില മൽസരങ്ങൾ നീളുന്നത്. ചരിത്രത്തിലാദ്യമായി അപ്പീൽ പ്രവാഹം തടയുന്നതിൽ സ്വീകരിച്ച കർശന നടപടികൾ കാണികൾക്കും മൽസരാർഥികൾക്കും സംഘാടകർക്കും മാധ്യമങ്ങൾക്കും ആശ്വാസമായി.

കഴിഞ്ഞതവണ ആദ്യ രണ്ടു ദിവസങ്ങളിലായി എത്തിയത് 554 അപ്പീലുകളെങ്കിൽ ഇത്തവണ അതിൽ 29% കുറയ്ക്കാനായി. ഡിഡിഇമാർ വഴിയെത്തിയ അപ്പീലിൽ 58 ശതമാനത്തിന്റെ കുറവു വരുത്താൻ കഴിഞ്ഞപ്പോൾ കോടതികൾ പക്ഷേ, അപ്പീലുകൾ വാരിക്കോരി നൽകി. ഇല്ലായിരുന്നെങ്കിൽ എണ്ണം ഇനിയും ഏറെ കുറയുമായിരുന്നു. മൽസരം പൂർത്തിയായി അഞ്ചു മിനിറ്റിനുള്ളിൽ ഫലം വെബ്സൈറ്റിൽ നൽകാൻ കഴിയുന്നതാണു മറ്റൊരു നേട്ടം. അപ്പീൽ വഴി എത്തിയവരിൽ 19 പേർക്ക് എ ഗ്രേഡ് ലഭിച്ചതു ജില്ലാതല വിധി നിർണയത്തിലെ പിഴവിലേക്കാണു വിരൽ ചൂണ്ടുന്നത്. ഇതിൽ മൂന്നു പേർക്ക് ഒന്നാം സ്ഥാനവും ഒൻപതു പേർക്കു രണ്ടാം സ്ഥാനവും ഏഴു പേർക്കു മൂന്നാം സ്ഥാനവും ലഭിച്ചു. 70 അപ്പീലുകാർ ഒരു ഗ്രേഡും ലഭിക്കാതെ പുറത്തായി.

അമ്മയാണു 'സ്വർണം'; മകനാണു തിളക്കം

അമ്മയുടെ താലി പണയം വച്ച് എത്തിയ മകന് ഓട്ടൻ തുള്ളലിൽ അഞ്ചാം എ ഗ്രേഡ്

തിരുവനന്തപുരം● ഒന്നരപ്പവന്റെ കെട്ടുതാലിയാണോ കലോൽസവ വേദിയിലെ മകന്റെ വിജയമാണോ വലുതെന്നു ദേവി പലവട്ടം ആലോചിച്ചു. അവസാനം മകന്റെ വിജയം മാത്രമായി മനസ്സിന്റെ ത്രാസിൽ. തീരുമാനം തെറ്റായില്ലെന്നു ഫലപ്രഖ്യാപനം വന്നപ്പോൾ ദേവിക്കു ബോധ്യമായി. സംസ്ഥാന കലോൽസവത്തിൽ തുടർച്ചയായ അഞ്ചാംവട്ടം ഓട്ടൻതുള്ളൽ മൽസരത്തിൽ എ ഗ്രേഡ് നേടി ജിതിൻ ദാമോദറും അമ്മ ദേവിയും കാസർകോട്ടേക്കു തിരികെ വണ്ടി കയറി.

കെട്ടുതാലി പണയപ്പെടുത്തിയാണു മകനൊപ്പം അമ്മ ദേവി കാസർകോട്ടു നിന്നു വന്നത്. ചീമേനി സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിയായ ജിതിൻ ദാമോദറിന്റെ സ്കൂൾ ജീവിതത്തിലെ അവസാന മൽസരത്തിന് എത്തുകയെന്നതു നിത്യവൃത്തിക്ക് ഏറെ ബുദ്ധിമുട്ടുന്ന കുടുംബത്തിനു താങ്ങുന്നതല്ല. ഒരു ലക്ഷത്തോളം രൂപ ചെലവു വരും. കയ്യിൽ കാൽക്കാശില്ല. പെട്രോൾ പമ്പ് ജീവനക്കാരനായ പിതാവിന് ഒരു ലക്ഷം തികയ്ക്കുക ചിന്തിക്കാനാവില്ല. ഒടുവിൽ അമ്മ തീരുമാനിച്ചു; കെട്ടുതാലി പണയപ്പെടുത്താം. പിന്നെ അടുത്ത ബന്ധുക്കൾ കഴിയുന്നവിധം സഹായിച്ചു. കുറെ പണം കടം വാങ്ങി.

ജിതിൻ

മകന്റെ ഇഷ്ടകലയോട് ഒരിക്കലും ഈ കുടുംബം ദാരിദ്ര്യത്തിന്റെ പേരിൽ മുഖം തിരിച്ചില്ല. ദാരിദ്ര്യം കൂടപ്പിറപ്പാണെന്നറിഞ്ഞു തന്നെ മഹാഭാരതത്തിലെ അർജുന-ശിവയുദ്ധം വിവരിക്കുന്ന കിരാതം എന്ന ഭാഗം ജിതിൻ നിറഞ്ഞാടി. ഒടുവിൽ ഓട്ടൻതുള്ളൽ മൽസരത്തിൽ എ ഗ്രേഡ് നേടി ജിതിൻ ജേതാവാകുമ്പോൾ മറ്റൊരു നേട്ടം കൂടി പിറന്നു. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ സംസ്ഥാന കലോൽസവവേദിയിലെ എ ഗ്രേഡുകാരൻ.

ഹയർസെക്കൻഡറി വിഭാഗം ആൺകുട്ടികളുടെ കഥകളിയിൽ ഒന്നാം സ്ഥാനം നേടിയ ഇരിങ്ങാലക്കുട നാഷനൽ എച്ച്എസ്എസിലെ പി.ജി.ഹരികൃഷ്ണൻ.